# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2377 — 11/10/2011 ൽ മറുപടിക്ക്

## പഞ്ചായത്ത് സ്കൂളുകളിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്ത് സ്കൂളിലെ നിയമനം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; | (എ) പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയും നിയമനം പി.എസ്.സിക്ക് വിടുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഏറ്റെടുത്തിട്ടുണ്ടെങ്കിൽ പഞ്ചായത്ത് സ്കൂളിലെ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) പഞ്ചായത്ത് സ്കൂളിലെ അദ്ധ്യാപകരുടെ പ്രോവിഡന്റ് ഫണ്ട് കൈകാര്യം ചെയ്യുന്ന, ഡി.ഡി.ഇ ആഫീസിൽ നിന്നും അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ? | (ബി) & (സി) പഞ്ചായത്ത് സ്കൂളുകളിൽ ജോലിചെയ്യുന്ന അംഗീകൃത അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരെ സർക്കാർ സ്കൂൾ ജീവനക്കാരായി കണക്കാക്കി സർവ്വീസ് ക്രമീകരിക്കുന്നതിനും പ്രൊമോഷൻ, ഗ്രേഡ് സീനിയോറിറ്റി എന്നിവ നിശ്ചയിക്കുന്നതിനുമുള്ള മാനദണ്ഡം സർക്കാർ പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മാത്രമേ പഞ്ചായത്ത് സ്കൂൾ ജീവനക്കാരെ സർക്കാർ ജീവനക്കാരുടെ പരിധിയിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ